**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2639** **27-02-2023 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിനിരയായവർക്ക് നിക്ഷേപ തുക തിരിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിനായി തുക സമാഹരിച്ചത് ഏത് രീതിയിലാണെന്ന് വിശദമാക്കുമോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ തുടർന്ന് പണം നിക്ഷേപിച്ചവർക്ക് ബാങ്കിൽ നടപ്പാക്കിവരുന്ന പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 31-8-2022 വരെ കാലാവധി പൂർത്തിയായ നിക്ഷേപങ്ങളുടെ മുതലിന്റെ 10 ശതമാനവും,പലിശയുടെ 50 ശതമാനവും പണമായി തിരികെ നൽകിവരുന്നു. ബാക്കി തുക നിക്ഷേപകരുടെ അനുമതിയോടെ പുതുക്കി നൽകിവരികയും ആയതിന്റെ പലിശ 3 മാസം കൂടുമ്പോൾ നിക്ഷേപകർക്ക് നൽകിവരികയും ചെയ്യുന്നു.സംഘം വായ്പ നൽകിയ തുക ഊർജ്ജിതമായ പ്രവർത്തനങ്ങളിലൂടെ തിരികെ ഈടാക്കിയും കേരള ബാങ്കിൽ സംഘം നിക്ഷേപിച്ചിരുന്ന റിസർവ്വ് ഫണ്ടിൽ നിന്നുള്ള 2 കോടി രൂപയും ഉപയോഗിച്ചാണ് തുക നൽകിവരുന്നത്. |
| (ബി) | നാളിതുവരെ എത്ര നിക്ഷേപകർക്ക് മുഴവൻ തുകയും തിരിച്ചുനൽകിയെന്നും മുഴവൻ തുകയും തിരികെ ലഭിക്കാത്ത എത്ര പേർ നിലവിലുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.112 ൽ പണം നിക്ഷേപിച്ചവർക്ക് മുഴവൻ തുകയും ഒന്നിച്ച് തിരികെ നൽകാനുള്ള സാമ്പത്തിക സ്ഥിതി നിലവിൽ ബാങ്കിൽ ഇല്ലാത്തതിനാൽ ഇതുവരെ ആർക്കും മുഴവൻ തുകയും തിരികെ നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇതുവരെ 3980 പേരുടെ 12489 അക്കൗണ്ടുകളിലായി 52.69 കോടി രൂപയുടെ നിക്ഷേപം പുതുക്കി നൽകുകയും ഇവർക്ക് 15.60 കോടി രൂപ പാക്കേജിന്റെ ഭാഗമായി പണമായി തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.കാലാവധി പൂർത്തിയായ 24098 അക്കൗണ്ടുകളിലായി 93.05 കോടി രൂപ പുതുക്കുവാനായി ബാക്കിനിൽപ്പുണ്ട്.25224 അക്കൗണ്ടുകളിലായി 282.61 കോടി രൂപ ബാങ്കിൽ നിക്ഷേപമായി ബാക്കിനിൽപ്പുണ്ട് . |

സെക്ഷൻ ഓഫീസർ